**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1734** **20-06-2024 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ കുടിശിക നൽകുന്നതിനായി കേന്ദ്രസർക്കാരിൽ നിന്നും പണം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; കുടിശിക നൽകുന്നതിന് തുക ലഭിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ? | (എ) | യു.ജി.സി യുടെ 7th ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി കേന്ദ്ര വിഹിതം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.<br><br>കേന്ദ്ര ധനസഹായം ലഭിക്കുന്നതിനു 21/03/2022 ലെ സി3/212/2017 ഉ.വി.വ ഭാഗം (2) പ്രകാരം 750,93,36,588/- രൂപയുടെ ശുപാർശ നിശ്ചിത സമയ പരിധിക്കുള്ളിൽ സമർപ്പിക്കുകയുണ്ടായി. എന്നാൽ കേന്ദ്ര സർക്കാർ 27/07/2022 ലെ F1-1/2018-U II നമ്പർ കത്ത് പ്രകാരം 50% പ്രതിപൂരണത്തിനുള്ള കേന്ദ്ര വിഹിത പദ്ധതി 01/04/2023 മുതൽ നിർത്തലാക്കിയതായി മറ്റ് 22 സംസ്ഥാനങ്ങളെ അറിയിച്ചതോടൊപ്പം കേരള സർക്കാരിനെയും അറിയിച്ചു. സമ്പൂർണമായ പ്രൊപ്പോസലുകൾ സമർപ്പിക്കാത്തതോ തെറ്റായ പ്രൊപ്പോസലുകൾ സമർപ്പിച്ചതോ ആയ സംസ്ഥാനങ്ങളുടെ പ്രൊപ്പോസലുകളെ കേന്ദ്ര സർക്കാർ നിരസിച്ചതായാണ് കത്തിൽ പരാമർശിച്ചിട്ടുള്ളത്. കേരള സർക്കാർ ഇതിൽ പെടും എന്ന പരാമർശം വാസ്തവ വിരുദ്ധമാണ്. കേരള സർക്കാർ സമയ പരിധിക്കുള്ളിൽ കൃത്യമായ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ